5. കാരിക്കയം (15 മെ.വാ./72.7 മി.യൂ) മെസ്സേഴ്സ് ടെക്കിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്, ചിങ്ങവനം എന്ന കമ്പനിയാണ് ഏറ്റെടുത്തു നടത്തുന്നത്.

ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.	അരിപ്പാറ (3 മെ.വാ.)	-	കോഴിക്കോട് ജില്ലാ പഞ്ചായത്ത്.
2.	അടിയൻപാറ (2.5 മെ.വാ.)	-	മലപ്പുറം "
3	കല്ലി (1 മെ.വാ.)	-	കണ്ണൂർ "
4.	മീൻവള്ളം (3 മെ.വാ.)	-	പാലക്കാട് "

തൊഴിൽ നയം

15 (*44) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഈ ഗവൺമെന്റ് ഒരു തൊഴിൽ അജണ്ടയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) തൊഴിലാളി സംഘടനകളുമായി ആലോചിട്ടാണോ ഈ അജണ്ടയ്ക്ക് രൂപം നൽകിയത് എന്നറിയിക്കുമോ ;

(ഇ) തൊഴിൽ നയത്തിന് പകരം തൊഴിൽ അജണ്ട മതിയാകുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല.

(ബി) സർക്കാരിന് ഒരു തൊഴിൽ നയമുണ്ട്. ആയത് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) അതെ.

(ഇ) ഇല്ല.

സ്പോട്ട് ബില്ലിംഗ് വ്യാപകമാക്കാൻ നടപടി

16 (*45) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൺട്രോൾ റൂം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് എത്ര സെക്ഷനുകളിലായി എത്ര ലക്ഷം ഉപഭോക്താക്കളെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഈ സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ മുൻസിപ്പൽ പ്രദേശങ്ങളിലേക്ക് സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിൽ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ആസ്ഥാനങ്ങളിൽ നേരത്തെ തന്നെ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, പാലക്കാട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ കൂടി കൺട്രോൾ റൂം സംവിധാനം ഏർപ്പെടുത്തുവാൻ 21-2-2000-ൽ ബോർഡ് ഉത്തരവായിട്ടുണ്ട്.

(ബി) 264 സെക്ഷനുകളിലായി 29,28,527 ഉപഭോക്താക്കളെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) മുൻസിപ്പൽ പ്രദേശങ്ങളിലുള്ള 168 സെക്ഷനുകളിൽ 1-6-2000 മുതൽ സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഗ്രാമപ്രദേശങ്ങളിലും സ്പോട്ട് ബില്ലിംഗ് ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു.

കൺസ്യൂമർ കാർഡിനെതിരെയുള്ള കേസ്

17 (*46) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കൺസ്യൂമർ കാർഡുമായി ബന്ധപ്പെട്ട് സംസ്ഥാന ഹൈക്കോടതി മുമ്പാകെ എന്തെങ്കിലും കേസ് വന്നിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly